# എമ്മാവൂസ് വചനദൂത്

Vol. IX Issue :9



## കൈത്താക്കാലം ആറാം ഞായർ

*ലൂക്കാ 17: 11–19*

ബ്രദർ ജോഷി കണ്ണംപുഴ

ലൂക്കാ സുവിശേഷകന്റെ അഭിപ്രായത്തിൽ യേശുവിന്റെ ദൗത്യം പൂർത്തിയാക്കപ്പെടുന്നത് പ്രധാനമായും മൂന്ന് സ്ഥലങ്ങളെ കേന്ദ്രീകരിച്ചായിരുന്നു. ഗലീലി, സമരിയ, ജറുസലേം എന്നീ പ്രദേശങ്ങൾ. യേശു ഗലീലിയിൽനിന്ന് ജറുസലേമിലേക്കുള്ള യാത്രയിലാണ് 10 കുഷ്ഠ രോഗികളെ കണ്ട് മുട്ടുന്നത്. അവർക്ക് നഗരത്തിലും ഗ്രാമത്തിലും പ്രവേശനം നിഷേധിച്ചിരുന്നു. പൊതുജനം നടക്കുന്ന വഴിയിലൂടെ സഞ്ചരിക്കാനും അവർക്കനുവാദമുണ്ടായിരുന്നില്ല. അത് മാത്രവുമല്ല പഴയ നിയമത്തിൽ കുഷ്ഠരോഗം ദൈവശാപത്തിന്റെ ദൃശ്യാടയാളമായി കണക്കാക്കപ്പെട്ടിരുന്നു. അതിനാൽ ആരെങ്കിലും ഏതെങ്കിലും വിധത്തിൽ അവരുമായി സമ്പർക്കം പുലർത്തിയാൽ അവരും ശപിക്കപ്പെട്ടവരായിത്തീരും.

കുഷ്ഠരോഗികൾ സ്വരമുയർത്തി യേശുവേ ഗുരോ എന്നിൽ കനിയണമേയെന്ന് ഉറക്കെ വിളിച്ചപേക്ഷിച്ചപ്പോൾ, ഈശോ അവരെ സുഖപ്പെടുത്തുകയല്ല മറിച്ച് നിങ്ങളെത്തന്നെ പുരോഹിതർക്ക് കാണിച്ച് കൊടുക്കുക എന്ന് പറഞ്ഞ് തിരിച്ചയക്കുകയാണ് ചെയ്തത്. കാരണം ഒരുവൻ സുഖം പ്രാപിച്ചവനെന്ന് അംഗീകരിക്കപ്പെടണമെങ്കിൽ പുരോഹിതന്റെ സാക്ഷ്യപത്രം ആവശ്യമായിരുന്നു. വചനം പറയുന്നു പോകുന്ന വഴിക്ക് അവർ സുഖം പ്രാപിച്ചുവെന്ന്. സുഖപ്പെട്ടവരിൽ ഈശോയുടെ അടുക്കലേക്ക് തിരിച്ച് വന്നത് ഒരു വിജാതീയൻ മാത്രം. ദൈവശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നത് എല്ലാവരും സുഖം പ്രാപിച്ചു. എന്നാൽ ഒരുവൻ മാത്രം രക്ഷപ്രാപിച്ചുവെന്നാണ്. എല്ലാ അനുഗ്രഹങ്ങളും ദൈവത്തിൽനിന്ന് വരുന്നുവെന്ന് വിശ്വസിക്കുകയും, അവ ഏറ്റു പറഞ്ഞ് അവിടുത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നവരാണ് രക്ഷയിലേക്ക് കടന്ന് വരിക. അപ്പ. പ്രവർത്തനം 4:12–ൽ ഇപ്രകാരം നമ്മൾ വായിക്കുന്നുണ്ട്, ആകാശത്തിന് കീഴെ മനുഷ്യരുടെ ഇടയിൽ നമ്മുടെ രക്ഷക്ക് വേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല. യേശുവെന്ന നാമമല്ലാതെ. ദൈവവചനം വളരെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട് മനുഷ്യരക്ഷയ്ക്കായുള്ള ഏകനാമമാണ് യേശുവെന്ന നാമം.

ഇന്നത്തെ സുവിശേഷത്തിൽ നാം ഈശോയെ കണ്ടെത്തുന്നത്, സമൂഹം മുഴുവൻ മാറ്റി നിറുത്തിയ, എല്ലാവരാലും വെറുക്കപ്പെട്ടവരുമായ കുഷ്ഠരോഗികളുടെ ജീവിതവഴിത്തിരിവിൽ ആശ്വാസദായകനായിട്ടാണ്. ഇതുപോലെ നമ്മുടെയൊക്കെ ജീവിതങ്ങളിലേക്ക് അറിഞ്ഞോ അറിയാതെയോ കടന്നു വരുന്നവനാണ് ഈശോ. അവിടുത്തോട് നന്ദിയുള്ളവരാകാൻ എത്ര മാത്രം നാം പരിശ്രമിച്ചിട്ടുണ്ട്.

പ്രിയമുള്ള സഹോദരങ്ങളെ കർത്താവിന്റെ മുമ്പിൽ നന്ദിപ്രകാശിപ്പിക്കാൻ നമ്മുടേതായ മാനദണ്ഡങ്ങൾ തിരഞ്ഞ് പോകരുത്, അല്ലെങ്കിൽ സുഖം പ്രാപിച്ചിട്ട് നന്ദി പറയാൻ മനസ്സ് കാണിക്കാത്ത കുഷ്ഠ രോഗികളെപ്പോലെ അനുഗ്രഹം ഞങ്ങളുടെ അവകാശമാണെന്ന് ചിന്തിച്ച് കർത്താവിൽനിന്ന് പിന്തിരിഞ്ഞ് നടക്കരുത്. നന്ദി പറയുക എന്നത് ഒരു പതിവ് ശൈലിയായി നമ്മുടെ ജീവിതങ്ങളിൽ സ്ഥാനം പിടിക്കേണ്ട ഒന്നാണ്. നമ്മുടെ ജീവിതത്തിൽ നമുക്ക് പ്രവർത്തിക്കാൻ കഴിയാത്ത ഇടങ്ങളുണ്ട്. അവിടെ കർത്താവാണ് ഇടപെടുന്നത്. അനുഗ്രഹങ്ങൾ ചിലപ്പോൾ പ്രകടമായ അടയാളങ്ങളിലൂടെ ആയിരിക്കില്ല നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഓരോ ദിവസവും, നേരം വെളുക്കുന്നു, രാത്രിയാകുന്നു. ഈ രാത്രിയും പകലുമായി എന്തെല്ലാം കാര്യങ്ങളാണ് ജീവിതത്തിൽ സംഭവിക്കുന്നതെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ? എങ്കിൽ കർത്താവിന്റെ അനുഗ്രഹം നമ്മുടെ കൂടെയുള്ളതായ് അനുഭവിക്കാൻ കഴിയും.

രാവിലെ ഉണർന്നാൽ ആ ദിവസം മുഴുവൻ ജീവിക്കുമെന്ന് ആർക്കാണ് ഉറപ്പുള്ളത്. ജോലിക്ക് പോയാൽ തിരിച്ച് വരുമെന്ന് ആർക്കാണ് ഉറപ്പുള്ളത്. സ്കൂളിൽ പോയാൽ സുരക്ഷിതമായി അവിടെയെത്തുമെന്ന് ആർക്കാണ് ഉറപ്പുള്ളത്.. ഇവിടെയെല്ലാം നമ്മുടെ ജീവിതം നന്നായി പോകുന്നുവെങ്കിൽ കർത്താവിന്റെ അനുഗ്രഹം നമ്മെ പിന്തുടരുന്നുവെന്ന് മനസ്സിലാക്കുക. ഇതിനേക്കുറിച്ചോർത്ത് ഹൃദയം തുറന്ന് ദൈവത്തിന് നന്ദി പറഞ്ഞിട്ടുണ്ടോ? റോമ-9:16-ൽ പറയുന്നു മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല കർത്താവിന്റെ ദയയാണ് എല്ലാറ്റിന്റേയും അടിസ്ഥാനം. അതുകൊണ്ട് കർത്താവിനോട് നന്ദിയുള്ളവരായിരിക്കുക...അത് ഒരു പതിവ് ശൈലിയാക്കി മാറ്റുക.

ദാനിയേൽ പ്രവാചകന്റെ പുസ്തകം 6-ാം അദ്ധ്യായം 10-ാം തിരുവചനം, തന്റെ വീടിന് മുകളിലത്തെ നിലയിൽ ജറുസലേമിന് നേരെ തുറന്ന് കിടക്കുന്ന ജാലകങ്ങളുണ്ടായിരുന്നു. താൻ മുമ്പ് ചെയ്തിരുന്നതുപോലെ അവൻ അവിടെ ദിവസേന മൂന്ന് പ്രാവശ്യം മുട്ടിന്മേൽനിന്ന് തന്റെ ദൈവത്തോട് പ്രാർത്ഥിക്കുകയും നന്ദിപറയുകയും ചെയ്തു. ഇതുപോലെ നന്ദിപറയാനുള്ള സമയമായി നമ്മുടെ കുടുംബപ്രാർത്ഥനകൾ മാറണം/നമ്മുടെ യാമപ്രാർത്ഥനകൾ മാറണം, നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനകൾ മാറണം, നമ്മുടെ അനുദിന വി.ബലിയർപ്പണം മാറണം. ജീവിതത്തിൽ അല്ലലും അലച്ചിലും ഇല്ലാതെ വരുമ്പോൾ നന്ദിപറയാൻ മറന്ന് പോകും. പക്ഷേ പരാതിക്ക് യാതൊരു മുടക്കവുമില്ല. ജീവിതത്തിലെ ഏത് സാഹചര്യത്തിലും നന്ദിപറയുമ്പോൾ ദൈവഹിതത്തോട് ചേർന്ന് നിൽക്കാൻ നമുക്ക് സാധിക്കും.

പ്രിയമുള്ള സഹോദരങ്ങളെ അനുഗ്രഹങ്ങളെ നോക്കി, നന്ദിപറയുക ശ്രേഷ്ഠമായ കാര്യമാണ്. എന്നാൽ ജീവിതത്തിലെ വേദനകൾക്കും, സഹനങ്ങൾക്കും നടുവിൽ നന്ദി പറയുക എന്നത് അതിശ്രേഷ്ഠമായ കാര്യമാണ്. ഈശോ നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നതും അത് തന്നെയാണ്. ഒരിക്കൽ വി. ഫൗസ്റ്റീന ഇപ്രകാരം പറഞ്ഞു. എന്റെ ജീവിതത്തിൽ വരുന്ന സഹനങ്ങളും, വേദനകളും, ഈശോ പോലും അറിയരുതെന്ന് ഞാനാഗ്രഹിച്ചിരുന്നു.

ഞങ്ങളുടെ ഇടവകയിലെ തീക്ഷ്ണമതിയായ ഒരു ജീസസ് യൂത്ത് പ്രവർത്തകനാണ് ജിനോ. ജീവിതത്തിലെ ഏതവസ്ഥയിലും കർത്താവിന് നന്ദിപറയാൻ അവൻ വളരെ ഉത്സാഹിച്ചിരുന്നു. ഒരിക്കൽ ജീസസ് യൂത്തിന്റെ മീറ്റിംഗിനായ് പോകുമ്പോൾ അവന് വലിയൊരു അപകടം സംഭവിച്ചു. വളരെ ഗുരുതരമായ അവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന അവന് വേണ്ടി കേരളത്തിന്റെ വിവിധഭാഗങ്ങളിലുള്ള ജീസസ് യൂത്ത് പ്രവർത്തകർ ത്യാഗമെടുത്ത് പ്രാർത്ഥിച്ചു. ഇതിന്റെ ഫലമായി ജിനോയ്ക്ക് ജീവൻ തിരിച്ചുകിട്ടിയെങ്കിലും, അവന്റെ വലതുകൈകൊണ്ട് ഒന്നും ചെയ്യാൻ പറ്റാതെയായി. ഒപ്പം സംസാരശേഷിയും നഷ്ടപ്പെട്ടു. ഒരുദിവസം 2 കൂട്ടുകാരുടെ തോളിൽ കൈയ്യിട്ട് ജിനോ ആശുപത്രി വരാന്തയിലൂടെ നടക്കുകയായിരുന്നു. അവർ നടന്ന് ആരാധന നടക്കുന്ന ചാപ്പലിന്റെ മുമ്പിലെത്തി. അപ്പോൾ അവിടെ എത്രയും ദയയുള്ള മാതാവേ എന്ന പാട്ട് പാടിക്കൊണ്ടിരിക്കുകയായിരുന്നു. ഈ രണ്ട് കൂട്ടുകാരും അവിടെനിന്ന് ഈ പാട്ട് പാടി ജിനോക്ക് വേണ്ടി പ്രാർത്ഥിച്ചു. അൽപ്പം കഴിഞ്ഞപ്പോൾ അവർ ശ്രദ്ധിച്ചു, അവരോടൊപ്പം മറ്റൊരാൾകൂടി പാടുന്നു. അത് സംസാരശേഷി നഷ്ടപ്പെട്ട ജിനോയായിരുന്നു.. ജിനോയ്ക്ക് ദൈവം സംസാരശേഷി തിരികെ കൊടുത്തു. പക്ഷേ ദൈവം രണ്ട് അടയാളങ്ങൾ മാത്രം അവനിൽ ബാക്കിവെച്ചു. ഒന്ന് അവന്റെ വലതുകൈ പൂർണ്ണമായും ബലംപ്രാപിച്ചില്ല. അതുപോലെ സംസാരിക്കുമ്പോൾ സ്ഫുടതയും നഷ്ടപ്പെട്ടു. എന്നാൽ പാട്ടുപാടാൻ ജിനോയ്ക്ക് യാതൊരു ബുദ്ധിമുട്ടുമില്ല. ഇത്രയൊക്കെ കുറവുകൾ ജീവിതത്തിൽ സംഭവിച്ചിട്ടും ജിനോയിന്നും കർത്താവിന് ആത്മാർത്ഥമായി നന്ദിപറഞ്ഞുകൊണ്ടിരിക്കുകയാണ് ജീസസ് യൂത്തിന്റെ പ്രവർത്തനത്തിലൂടെ. ഈ വേദനയുടെ നടുവിലും അവൻ പരാതിപ്പെട്ടിട്ടില്ല, പിന്നെയോ 119-ാം സങ്കീ. 70-71 വാക്യങ്ങളിൽ സങ്കീർത്തകൻ പറയുന്നതുപോലെ അവനും പറയുന്നു "ദുരിതങ്ങളെനിക്ക് ഉപകാരമായി തന്മൂലം ഞാൻ അങ്ങയുടെ ചട്ടങ്ങൾ അഭ്യസിച്ചുവല്ലോ. ആയിരിക്കണക്കിന് പൊൻവെള്ളി നാണയങ്ങളേക്കാൾ അങ്ങയുടെ വദനത്തിൽനിന്ന് പുറപ്പെടുന്ന നിയമമാണെനിക്കാഭികാമ്യം.

പ്രിയമുള്ള സഹോദരങ്ങളെ ദൈവത്തിന് നന്ദിപറയുന്ന നമുക്ക് ആ പരിധി കൽപിക്കാതിക്കാം. അത് നമ്മുടെ ഒരു പതിവ് ശൈലിയായി മാറട്ടെ. എന്റെ ജീവിതത്തിലെ കഴിവും, സമ്പത്തും, സ്ഥാനമാനങ്ങളും എന്റെ മാത്രം പ്രയത്നത്തിന്റെ ഫലമാണെന്ന് പറയരുത്. കാരണം അദൃശ്യമായ കരങ്ങളാൽ നമ്മെ അനുഗ്രഹിക്കുന്ന ദൈവത്തിന്റെ സമ്മാനങ്ങളണവ.ഓരോ വി. കുർബ്ബാനകളിലും നാം പങ്കുചേരുമ്പോൾ ഈ വലിയബോധ്യം നമുക്ക് ഹൃദയത്തിൽ സൂക്ഷിക്കാം.. അപ്പോൾ ഓരോ വി. കുർബ്ബാനയും നമുക്ക് നന്ദിയുടെ പ്രകാശമായി മാറും, അങ്ങനെ അനുഗ്രഹത്തിന്റെ വേളയിലും ദുരിതങ്ങളിലുമെല്ലാം കർത്താവിന് നന്ദിപറയാൻ നമുക്ക് സാധിക്കും. ഇതിനായി സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ആമേൻ....